അബ്ദുർറഹ്മാൻ തുറക്കൽ



# നേരെചൊവ്വെ നിലകൊള്ളുക

عَنْ سُفْيَانَ بْنِ عَبْدِ اللّٰهِ رضي اللّٰه عنه قَالَ: قُلْتُ: يَا رَسُولَ اللّٰهِ قُلْ لِي فِي الإِسْلَامِ قَوْلًا، لَا أَسْأَلُ عَنْهُ أَحَدًا غَيْرَكَ قَالَ: قُلْ آمَنْتُ بِاللّٰه ثُمَّ اسْتَقِمْ (مسلم).

സുഫ്‌യാനുബ്നു അബ്ദില്ലയിൽനിന്ന്: ഒരാൾ പ്രവാചകനോട് ചോദിച്ചു: 'അല്ലാഹുവിൻെറ ദൂതരേ, ഇസ്‌ലാമിനെക്കുറിച്ച് എനിക്ക് വല്ലതും പറഞ്ഞുതരിക. താങ്കളോടല്ലാതെ മറ്റൊരാളോടും ഞാനതിനെക്കുറിച്ച് ചോദിക്കുകയില്ല.' പ്രവാചകൻ പറഞ്ഞു: 'ഞാൻ അല്ലാഹുവിൽ വിശ്വസിച്ചു എന്ന് നീ പറയുക. പിന്നെ നേരെചൊവ്വെ

നേരെചൊവ്വെ നിലകൊള്ളുക ഇസ്‌ലാമിൽ ഏറ്റവും ഉദാത്ത സ്വഭാവമാണ്. ദീനിനെ പൂർണമായും ഉൾക്കൊണ്ട് ഇടത്തോട്ടോ വലത്തോട്ടോ ചായാതെയും ഏറ്റക്കുറച്ചിലുകളില്ലാതെയും സ്ഥിരചിത്തനായി നിലകൊള്ളലാണത്. വിശ്വാസികളുടെ ജീവിതത്തിന്റെ ഒരു അടിസ്ഥാനമായി അത് (ഇസ്തിഖാമത്ത്) നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. അതൊരു സംസ്കാരമായി വളർത്തിക്കൊണ്ടുവരണമെന്ന് അല്ലാഹു ഉണർത്തിയിട്ടുണ്ട്.

സത്യവിശ്വാസികൾ നമസ്കാരത്തിൻെറ ഓരോ റക്അത്തിലും അതാണ് അല്ലാഹുവിനോട് തേടിക്കൊണ്ടിരിക്കുന്നത്; 'ഇസ്തിഖാമത്തിന്റെ വഴിയിൽ ഞങ്ങളെ നടത്തേണമേ' എന്ന്. മനുഷ്യനെന്ന നിലയിൽ അല്ലാഹുവിന്റെ കൽപനകളും നിരോധനങ്ങളും പാലിക്കുന്നതിൽ ഒരുപക്ഷേ വീഴ്ചകൾ സംഭവിച്ചേക്കും. ഉടൻ പാപമോചനം തേടി നേരെചൊവ്വെ നിലകൊള്ളാൻ അല്ലാഹു ഉണർത്തിയിട്ടുണ്ട്. അതൊരു ഉദാത്ത സ്വഭാവമായതോടൊപ്പം, അൽപം പ്രയാസമേറിയ കാര്യവുമാണ്. അല്ലാഹുവിന് മാത്രം ഇബാദത്ത് ചെയ്യുന്ന, അവന്റെ പ്രീതി മാത്രം കാംക്ഷിക്കുന്ന, ഭൗതികമായ താൽപര്യങ്ങളിൽനിന്ന് അകന്നുനിൽക്കുന്ന വിശ്വാസികൾക്കല്ലാതെ അങ്ങനെയൊരു നിലയിലെത്തിച്ചേരാൻ സാധ്യമല്ല. ഇസ്തിഖാമത് സംബന്ധിച്ച അവതീർണമായ ഖുർആൻ ആയത്തുകൾ പ്രവാചകന് വളരെ ക്ലേശമുണ്ടാക്കിയിരുന്നു. 'നീ കൽപിക്കപ്പെട്ടതുപോലെ നേരായ മാർഗത്തിൽ നിലകൊള്ളുക' (*ഹൂദ്:* 112) എന്ന ആയത്തിന്റെ വിശദീകരണത്തിൽ ഇബ്നുഅബ്ബാസ് (റ) പറയുന്നു: ''ഈ ആയത്ത് പോലെ പ്രവാചകന് പ്രയാസമുണ്ടാക്കിയ മറ്റൊരു ഖുർആൻ വാക്യം ഇറങ്ങിയിട്ടില്ല.'' അതുകൊണ്ടാണ് ഇസ്‌ലാമിനെക്കുറിച്ച് ചോദിച്ചപ്പോൾ 'ഇസ്തിഖാമത്' മുറുകെ പിടിക്കാൻ പ്രവാചകൻ ആവശ്യപ്പെട്ടത്. നേരെചൊവ്വെ നിലകൊള്ളേണ്ടതിൻെറ പ്രാധാന്യമാണ് ഇതു വ്യക്തമാക്കുന്നത്. 'ഇസ്തിഖാമത്തി'ൽ അടിയുറച്ചുനിൽക്കാൻ കഴിയുകയെന്നത് അല്ലാഹുവിന്റെ കാരുണ്യമാണ്. അതിനവൻ അല്ലാഹുവിനോട് ഇഖ്‌ലാസ്വുള്ളവനായിരിക്കണം. എല്ലാ കാര്യങ്ങളും അവനിൽ ഭരമേൽപ്പിക്കണം, പ്രവാചകനെ പിൻപറ്റണം. ദൈവസ്മരണയും പ്രാർഥനയും നിലനിർത്തണം. അല്ലാഹുവിനോടുള്ള ബാധ്യതകൾ സംബന്ധിച്ച ഉത്തരവാദിത്തബോധമുണ്ടായിരിക്കണം. പശ്ചാത്താപബോധമുണ്ടാകണം. ആത്മവിചാരണ നടത്തിക്കൊണ്ടിരിക്കണം. നിർബന്ധാനുഷ്ഠാനങ്ങൾ നിർവഹിക്കണം. ഖുർആനും സുന്നത്തുമായി വേർപിരിയാത്ത ബന്ധമുണ്ടാക്കണം. സദ്‌വൃത്തരുമായി സഹവസിക്കണം, സൽക്കർമങ്ങളിൽ മുഴുകണം. മരണത്തെയും മരണാനന്തര ജീവിതത്തെയും കുറിച്ച് ചിന്തിച്ചുകൊണ്ടിരിക്കണം. വലുതും ചെറുതുമായ കുറ്റങ്ങളിലകപ്പെടുന്നത് സൂക്ഷിക്കണം. പിശാചിന്റെ കാലടികളെ പിന്തുടരാതിരിക്കണം.

അല്ലാഹുവിനെ റബ്ബായി അംഗീകരിച്ച് നേരാംവണ്ണം നിലകൊള്ളുന്ന സത്യവിശ്വാസികൾക്ക് മഹത്തായ പ്രതിഫലമുണ്ട്. അവർക്കേ അല്ലാഹുവിന്റെ പ്രീതി നേടാനാകൂ. ഐഹിക-പാരത്രിക ലോകങ്ങളിൽ അല്ലാഹുവിന്റെ സഹായവും കാരുണ്യവും മനസ്സമാധാനവുമുണ്ടാവും. സ്വർഗത്താൽ സന്തോഷവാർത്ത അറിയിക്കപ്പെടും. പരലോകത്ത് ഭയപ്പെടുകയോ ദുഃഖിക്കുകയോ വേണ്ടിവരില്ല. അല്ലാഹുവിന്റെ സഹായത്താൽ പാപങ്ങളിൽനിന്ന് സംരക്ഷിക്കപ്പെടും. ജനങ്ങളുടെ ഇഷ്ടം നേടാനാകും. നേരെചൊവ്വെ നിലകൊള്ളുന്നതിന്റെ ഭാഗമാണ് വാക്കും പ്രവൃത്തികളും ഒന്നായിരിക്കൽ. യഥാർഥ വിശ്വാസികൾക്ക് ഒരൊറ്റ നിലപാടേ ഉണ്ടാകൂ. ഇരട്ട മുഖവുമായി അവർ ജനങ്ങളെ അഭിമുഖീകരിക്കുകയില്ല. അത് മഹാപാപമാണ്. ''ജനങ്ങളിൽ ദുഷിച്ചവൻ ഇരട്ടമുഖമുള്ളവനാണ്. അവൻ ഒരുവിഭാഗത്തിനു മുമ്പിൽ ഒരു മുഖവുമായും മറ്റൊരു വിഭാഗത്തിനു മുമ്പിൽ വേറൊരു മുഖവുമായും പ്രത്യക്ഷപ്പെടും'' (ബുഖാരി, മുസ്‌ലിം). അല്ലാഹുവിനെയും അവന്റെ കാരുണ്യത്തെയും കുറിച്ച നിരാശ, ചീത്ത കൂട്ടുകെട്ട്, തീവ്ര നിലപാടുകൾ, പിഴച്ച ചിന്താഗതികളുടെ സ്വാധീനം, ലക്ഷ്യബോധമില്ലായ്മ-ഇതൊക്കെ മനുഷ്യനെ നേരെചൊവ്വെയുള്ള പാതയിൽനിന്ന് വഴിതെറ്റിക്കുമെന്നും മനസ്സിലാക്കേണ്ടതുണ്ട്. ●